(ബി) അത്തരക്കാരെ 1975 വരെ പ്രമോട്ടുചെയ്തിരുന്നോ;

(സി) ടി. ടി. സി. യും മലയാളം വിദ്വാനും പാസ്സായിട്ടും പ്രമോഷൻ കിട്ടാത്ത എത്ര അദ്ധ്യാപകരുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ മലയാളം വിദ്വാൻ കോഴ്സ് ഇല്ലാത്ത സാഹചര്യത്തിൽ മലയാളംവിദ്വാൻ പാസ്സായ ടി. ടി. സി. ക്കാർക്കുകൂടി പ്രമോഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മുൻപ് ഇത്തരക്കാർക്ക് ഈ ആനുകൂല്യം നൽകിയിരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചെയ്തിരുന്നു.

(സി) 4-11-1974 ലെ ജി. ഒ. എം. എസ്. 217/74/29-4-75 ലെ ജി. ഒ. എം. എസ്. 108/75 എന്നീ ഉത്തരവുകളും നടപ്പിൽ വന്നതോടുകൂടി ടി. ടി. സി. യും മലയാളം വിദ്വാനും പാസ്സായവർക്ക് 31-3-75-നുശേഷം പ്രമോഷൻ കൊടുക്കാറില്ല. ഇത്തരം എത്ര അദ്ധ്യാപകർ ഇപ്പോൾ സർവ്വീസിൽ ഉണ്ടെന്നതിനെപ്പറ്റി കൃത്യമായി കണക്കുകളും സൂക്ഷിച്ചിട്ടില്ല.

(ഡി) ചിട്ടപ്രകാരം യോഗ്യതയുള്ള അദ്ധ്യാപകർ ഉള്ളതുകൊണ്ട് വിദ്വാൻ ടി. ടി. സി. ക്കാരെ പ്രമോട്ടുചെയ്യുന്ന കാര്യം പരിഗണിക്കാൻ നിവൃത്തിയില്ല.

(ഇ) മുകളിൽ പറഞ്ഞ ഗവൺമെന്റ് ഉത്തരവുകളും പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഈ ആനുകൂല്യം നൽകിയിരുന്നു. അന്ന് നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ കുറവായിരുന്നു.

ചവറയിൽ കോളേജ് തുടങ്ങാൻ നടപടി—സംബന്ധിച്ച്

1310 [2093] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി താലൂക്കിൽ ചവറ കേന്ദ്രീകരിച്ച് ഒരു കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചവറ കേന്ദ്രീകരിച്ച് ഒരു കോളേജ് തുടങ്ങുന്നതിനുവേണ്ടി 25 ഏക്കർ സ്ഥലം സൗജന്യമായി നൽകുന്നതിന് ഉത്തരവാദിത്വമുള്ള ആരുംതന്നെ മുന്നോട്ടുവന്നിട്ടില്ല. അതുകൊണ്ടും, പുതിയ കോളേജുകളും കഴിവതും തുടങ്ങാതിരിക്കണമെന്നതുകൊണ്ടും ഇപ്പോൾ നടപടികളൊന്നും സ്വീകരിക്കാൻ നിർവാഹമില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly